LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) 16-3-2015-ൽ ടി പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. 77 കിടക്കകളുള്ള വർക്കിംഗ് വിമെൻസ് ഹോസ്റ്റലിന്റെ retaining wall നിർമ്മാണവും മണ്ണിട്ട് നികത്തലും പൂർത്തിയായിട്ടുണ്ട്. പൈലിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു.

ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീം തീറാധാരം

145(2134) ശ്രീ. ബി. ഡി ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ 25 വർഷം മുമ്പ് വീടും സ്ഥലവും വാങ്ങിയവർക്കുള്ള തീറാധാരം ഇനിയും നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂമി സംബന്ധിച്ച കേസ്സുകളെല്ലാം തീർപ്പാക്കിയ സാഹചര്യത്തിൽ ഇവർക്കുള്ള തീറാധാരം എന്നേക്ക് നൽകാനാവുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ ഭൂമി പൊന്നംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട് 17 എൽ.എ.ആർ. കേസുകളുണ്ട്. ടി കേസുകളിലെല്ലാംതന്നെ മൂല്യവർധിക്കട തുകയും കോടതിയിൽ കെട്ടിവച്ചിട്ടുണ്ടെങ്കിലും ഇതുവരെയും ഡിക്രി സാറ്റിസ്ഫാക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ടി സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ കേസുകളെല്ലാം തീർപ്പായി എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. ചാലക്കുടി പദ്ധതിക്കുള്ളിൽ വരുന്ന 18 സെന്റ് പുറംപോക്ക് ഭൂമി പതിച്ച് ലഭിക്കുന്നതിനായി 29-3-2006-ൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ തീരുമാനമായിട്ടില്ല. ആയതിൽ നടപടി നടന്നുവരുന്നു. ടി ഭൂമി കൂടി പതിച്ചുലഭിച്ചാൽ മാത്രമേ ഭൂമി പതിവിന് ചെലവായ തുക കൂടി ഉൾപ്പെടുത്തി അന്തിമ വില നിശ്ചയിച്ച് വിലയാധാരം നൽകുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി എൽ.എ.ആർ., ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമവില കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനഃനിർണ്ണയം ചെയ്ത തുകയും അതിന്റെ 30 ശതമാനം സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽനിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20-10-1998-ൽ (ഇനം.2) ബോർഡ് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും ഉള്ളതിൽ 50 പ്ലോട്ടുകളുടെയും 47 വീടുകളുടെയും (പ്ലോട്ട് വിത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്.